മാർ ഗീവർഗീസ് സഹദ

# ജീവചരിത്രം

(സുറിയാനിയിൽനിന്നുള്ള തർജ്ജിമ)



ഗ്രന്ഥകർത്താ: **സമ്രോനൊ ജോസഫ്**

ശ്രേഷ്ഠാനുമതിയോടുകൂടിയത്

പ്രസാധകൻ : **ഏബ്രഹാം സൈമൺ**

വില : **2** രൂ **50** സ.

1990

സിറിയൻ ക്രിസ്ത്യൻ ബുക്ക്ഡിപ്പോ


ചിങ്ങവനം പി. ഒ.

www.malankaralibrary.com

മാർ ഗീവർഗീസ് സഹദ

# ജീവചരിത്രം

(സുറിയാനിയിൽനിന്നുള്ള തർജ്ജിമ)



ഗ്രന്ഥകർത്താ: സബ്രമാനൊ ജോസഫ്

ശ്രേഷ്ഠാനുമതിയോടുകൂടിയത്

പ്രസാധകൻ: എബ്രഹാം സൈമൺ

വില: 2 രൂ 50 സ.

1990

സിറിയൻ ക്രിസ്ത്യൻ ബുക്കഡിപ്പോ

ചിങ്ങവനം പി. ഒ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മാർ ഗീവർഗീസ് സഹദാ

## മ്ശിഹാകാലം 303

മ്ശിഹാതമ്പുരാന്റെ സഭകളിൽ സത്യവിശ്വാസം വർദ്ധിക്കുകയും തന്നെ വന്ദിക്കുന്നവർക്ക് എല്ലാ സ്ഥലത്തും സമാധാനം ഉണ്ടാകുകയും ചെയ്ത കാലങ്ങളിൽ ദുഷ്ടരാജാക്കന്മാർ മുഖാന്തിരം കാവ്യതചത്തിൽനിന്നുള്ള കഠിനവർഷത്തിൽ ചുഴലിക്കാററുണ്ടായി. സത്യസഭാ പ്രാസംഗികളായ പലരേയും ഞെരുക്കംചെയ്തു അപഹരിക്കുകയും പിശാചാരാധനയിലേക്കു തിരിപ്പിക്കുകയും ബലി കഴിപ്പാൻ നിർബന്ധിക്കുകയും ചെയ്ത ആ കാലത്തിൽ റോമ്മാരാജാവായ ദദ്യാനായെ സാത്താൻ ഇളക്കി. അവന്റെ സഖാക്കളായ നാലു ദുഷ്ടരാജാക്കന്മാരും അവനോടുകൂടി ചേർന്നു ദദ്യാനാ രാജസിംഹാസനത്തിൽ ഇരുന്നു താഴെ വരുന്ന പ്രകാരം എഴുത്തുകൾ എഴുതി.

മറിയത്തിന്റെ പുത്രനെ ജാതികൾ വന്ദിക്കുന്നു എന്നും യഹൂദർ ചമ്മട്ടികൊണ്ടടിച്ചു കുരിശിൽ തൂക്കിയവനെയല്ലാതെ അപ്പല്ലോനേയും ഹോക്ളീസിനേയും ആരും വന്ദിക്കുന്നില്ല എന്നും നാം കേൾക്കുന്നു. അതിനാൽ ഈ മതത്തെ നിർമ്മൂലമാക്കുന്നതിനു നിങ്ങളുടെ സഹായം എനിക്കുണ്ടാകുവാൻ നിങ്ങളുടെ ശക്തിയേറിയ ആധിപത്യത്തിനു നാം എഴുതുന്നു. അനേകം ദേശങ്ങളിലുള്ള രാജാക്കന്മാർക്കും ഈ എഴുത്തുകൾ കിട്ടിയാറെ അവൻ താമസിക്കുന്ന പട്ടണത്തിൽ ഒതുങ്ങിത്തക്കവണ്ണം അനേകം രാജാക്കന്മാരും ജനങ്ങളും വന്നുകൂടി.

പിറേറദിവസം രാജാവു സിംഹാസനസ്ഥനായിരുന്നു. കഠിനോപദ്രവത്തിനുള്ള ആയുധങ്ങളായ ചെമ്പുകലങ്ങളും വറക്കുന്നതിനുള്ള ചട്ടികളും മൂർച്ചയുള്ള വാളുകളും നാക്കു ഖണ്ഡിക്കുന്നതിനുള്ള ആയുധങ്ങളും അണപ്പല്ലുകൾ പറിക്കുന്നതിനുള്ള കൊടിലുക

www.malankaralibrary.com

ളും കഴുത്തു കനിക്കുന്നതിനുള്ള കൊളുത്തുകളും തുടലുകളും ഇരുമ്പു
ചീപ്പുകളും സകലവിധ ആയുധങ്ങളും കൊണ്ടുവരുന്നതിനു കല്പി
ച്ചു അവൻെറ മുമ്പാകെ അവയെല്ലാം കൊണ്ടുവന്നപ്പോൾ സംഹ
രിക്കുന്ന സർപ്പമായ ദദ്യാന രാജാവു് ഇപ്രകാരം പറഞ്ഞു.
ദേവന്മാരെ ആരാധിക്കാതിരിക്കുന്ന മത്സരക്കാരെ ഞാൻ കണ്ടാൽ
അവരുടെ ശിരഗോപുരങ്ങളെ ഞാൻ അഴിക്കുകയും അവരുടെ
തലയിലെ തോലി ഞാനുരിക്കുകയും അവൻ ജീവനോടിരിക്കു
മ്പോൾ അവരുടെ തലച്ചോറു് ഞാൻ ചിതറിക്കുകയും അവരുടെ
കണ്ണുകളെ ഞാൻ ചുഴന്നെടുക്കുകയും അവരുടെ കുടലുകളെ ഞാൻ
വെളിക്കു ചാടിക്കുകയും ശേഷിക്കുന്ന ഭാഗങ്ങളെ നായിക്കൾക്കു്
ആഹാരമാക്കുകയും ചെയ്യും.

എല്ലാവരും ഭ്രമിച്ചു സാക്ഷിപ്പാനായിട്ടു ഒരുങ്ങിയവർ
ഉപദ്രവലക്ഷണങ്ങളായ ആയുധങ്ങൾ കണ്ടപ്പോൾ ഭ്രമിച്ചു് ഇളകി.
എൻെറ മേൽ ഉപദ്രവം വരാതിരിക്കേണ്ടുന്നതിനു ഞാൻ ക്രിസ്ത്യാ
നി ആകുന്നു എന്നേ പറയേണ്ടു എന്നു് ഏവനും വിചാരിച്ചു്
തൻെറ പ്രകാശത്തെ ഉയരത്തിലും അഗാധത്തിലും ശോഭിപ്പിച്ച
ഈ നീതിയുടെ ശുശ്രൂഷക്കാരനല്ലാതെ മൂന്നുമാസത്തോളം ആരും
തന്നെ ഞാൻ ക്രിസ്ത്യാനിയാകുന്നു എന്നു് വെളിവായി പറ
ഞ്ഞില്ല. ഇവൻ കപ്പദക്കിയായിലുള്ള ഒരു ശ്രേഷ്ഠകുടുംബക്കാര
നായിരുന്നു. താൻ പട്ടാളത്തിലെ അധിപനുമായിരുന്നു് വളരെ
ധനം സമ്പാദിച്ചതിൻെറശേഷം തൻെറ ജോലി രാജിവെച്ചു.

ദദ്യാനാരാജാവിൻെറ അടുക്കൽ ന്യായാധിപതിയാകേ
ണ്ടുന്നതിനുവന്ന മിശിഹാതമ്പുരാൻ അപമാനിക്കപ്പെടുകയും പി
ശാചുകൾ മഹത്വപ്പെടുകയും ചെയ്യുന്നതുകണ്ടപ്പോൾ അവൻ സമ്പാ
ദിച്ചിട്ടുള്ള സകലവും വിററു് ദരിദ്രന്മാർക്കും അഗതികൾക്കും
കൊടുത്തു് പ്രാർത്ഥിച്ച തന്നത്താൻ ദൈവത്തിനു ഭരമേല്പിച്ചു്
രാജാവിൻെറ അടുക്കൽ വന്നു് ഇപ്രകാരം പറഞ്ഞു: രാജാവേ
ഞാൻ ക്രിസ്ത്യാനിയാകുന്നു. ദൈവങ്ങൾ അല്ലാത്തവയെ ദൈവ

www.malankaralibrary.com

ങ്ങരം എന്നു നീ വിളിക്കരുതു്. ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കാത്ത ദൈവങ്ങരം ഭൂമിയിൽ നിന്നും ഈ ആകാശങ്ങളുടെ കീഴിൽ നിന്നും നശിക്കും. (യറമി 10:1) എന്നാൽ സത്യമുള്ള ഏകദൈവത്തെ തൻെറ പുത്രനോടും തൻെറ വിശുദ്ധ റൂഹായോടും കൂടെ ഏററുപറയുന്നു. താൻ മഹത്വമുള്ള ത്രിത്വവും തന്നിൽ ഭിന്നതയോ വിഭാഗമോ ഇല്ലാത്ത ദൈവത്തിൻെറ ഏകസ്വഭാവവും ആകുന്നു.

രാജാവു് അവനെ നോക്കി ഇപ്രകാരം പറഞ്ഞു; നിഗളിയായ ഗീവർഗീസേ! നീ എന്നെ മറന്നുകളയുകയും മോശക്കാരനെപ്പോലെ എന്നെ അപമാനിക്കുകയും ചെയ്തു. എന്നാൽ ഇപ്പോരം അതിരുകടന്നു ദേവന്മാരെ വന്ദിപ്പാൻ അനുസരിച്ചു് അടുത്തുചെന്നു് അവർക്കു് ബലികഴിക്കാം. അപ്പല്ലോൻ ആകാശത്തെ വിരിച്ചെന്നും ഫോക്സിസ് ഭൂമിയുടെ അടിസ്ഥാനമിട്ടെന്നും സ്രാപ്പീസും വിസ്ദയുനും സമുദ്രം അതിൻെറ അതിരു കടക്കാതിരിപ്പാൻ അതിനെ കീഴ്പ്പെടുത്തിയിരിക്കുന്നു എന്നും അറിഞ്ഞുകൊരംക. യഹൂദന്മാർ ചമ്മട്ടികൊണ്ടടിച്ചു് ഊർശ്ലേമിൽ മരത്തിൽ തൂക്കിയെന്നു നിങ്ങരം പറയുന്ന മ്ശിഹാ കാണപ്പെട്ടന്ന ഇവയിൽ ഒന്നെങ്കിലും ചെയ്തിട്ടുണ്ടോ?

ഈ വചനങ്ങളുടെശേഷം പട്ടാളശ്രേഷ്ഠനായ മഗനാത്തീസ് അവനെ നോക്കി നീ എവിടുത്തുകാരൻ? നീ എവിടെനിന്നു വന്നു? നിൻെറ പേരെന്തു്? എന്നു ചോദിച്ചു. എൻെറ ഒന്നാമത്തെ പേരു് ക്രിസ്ത്യാനി എന്നും മനുഷ്യരുടെ ഇടയിൽ സാധാരണയുള്ള പേരു് നീ ചോദിച്ചെങ്കിൽ ആയതു് ഗീവർഗീസെന്നും ആകുന്നു എന്നു് ഭാഗ്യശാലി സംശയംകൂടാതെ പറഞ്ഞു.

ഇവരുടെശേഷം രാജാവു് അവരോടു് നീ അടുത്തുചെന്നു് ബലികഴിക്കു അല്ലെങ്കിൽ നീ ദുർമ്മരണം അനുഭവിക്കും എന്നു പറഞ്ഞു.

www.malankaralibrary.com

സാത്താനെ നീ എന്റെ പിറകിൽ പോകാ, നീ എനിക്കു വിരുദ്ധമാകുന്നു. (മത്താ: 13, 25) എന്നു ഗീവർഗ്ഗീസ് പറഞ്ഞു. അവനെ മരണത്തിൽ തൂക്കി ഇരുമ്പുചീപ്പാൽ ചീകുവാൻ രാജാവു് കല്പിച്ചു. അവന്റെ സകല അവയവങ്ങളും ബന്ധംവിട്ടു് രക്തം ഒലിച്ചു് നിലത്തു വീഴുന്നതു് രാജാവു കണ്ടപ്പോൾ, അവനെ ഇറക്കി 'കമഴ്ത്തിക്കിടത്തുക' എന്നു കല്പിച്ചു അറപ്പുവാളിനുള്ളപ്രകാരം പല്ലുള്ള വണ്ടികൾ ഉണ്ടാക്കി നംക്കൂരത്തിലുള്ളതുപോലെ നീളമുള്ള ആണികൾ അവയിൽ തറയ്ക്കാനും അതിന്റെ ഭാഗങ്ങളിൽ ഇരുമുനയുള്ള കത്തികൾ ചുററും ഇരുമ്പു സൂചികളോടുകൂടെ ഉണ്ടാക്കുവാനും രാജാവു് കല്പിച്ചു. പണിക്കാർ അതുപോലെ ഉണ്ടാക്കി. മുകളിൽ വാൾ പോലെയും താഴെ മിന്നുന്ന കത്തികൾ പോലെയും അതു കാണപ്പെട്ടു. പരിശുദ്ധനെ വണ്ടിയുടെ മുകളിൽ നിർത്തുവാൻ കല്പിച്ചു ഭാഗ്യവാൻ സ്ഥലത്തുവന്നു് വണ്ടിയുടെ പണികൾ കണ്ടപ്പോൾ തങ്കൽതന്നെ നോക്കി വിറച്ചുകൊണ്ടു് ഈ ഞെരുക്കങ്ങളിൽനിന്നു ഞാൻ രക്ഷപ്പെടുകയില്ല എന്നു പറഞ്ഞു. ഇവയെ അവൻ വിചാരിച്ചപ്പോൾ പശ്ചാത്താപപ്പെട്ടു പറഞ്ഞു: എന്റെ ആത്മാവെ! നീ വിചാരിച്ചതിനെപ്പററി അനുതപിക്ക, നിന്റെ കഷ്ടകാലം നിനക്കു സമീപിച്ചിരിക്കുന്നു. നിന്റെ ഉടയവനായ മ്ശിഹാതമ്പുരാൻ രണ്ടു കള്ളന്മാരുടെ ഇടയിൽ തൂങ്ങിക്കിടന്നു എന്നു് നീ ഓർക്ക. അപ്പോൾ ധൈര്യവാനായ ഭടൻ വലിയ സന്തോഷത്തോടെ ഓടി വണ്ടിയുടെ മുകളിൽക്കയറി മ്ശിഹാതമ്പുരാനെ! നിന്റെ കൈയിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു എന്നു പറഞ്ഞു വണ്ടിയുടെ പല്ലുകളുടെ ഇടയിലും ഇരുമ്പുസൂചികളുടെ ഇടയിലും കഠിനമായി പീഡിക്കപ്പെട്ടപ്പോൾ അവൻ പത്തു തുണ്ടമായി മുറിഞ്ഞു. അപ്പോൾ ദദ്യാന രാജാവും മിസ്രയിമിലെ രാജാവും ദിക്കിലിനാ രാജാവും പട്ടാളത്തലവനായ മഗനാത്തീസും തങ്ങളുടെ ശബ്ദം ഉയർത്തി ഇപ്രകാരം പറഞ്ഞു: സകല ജാതികളുടെ മേലും അപ്പല്ലോനും ഹേറാക്ലീസും അല്ലാതെ മററു ദേവന്മാരില്ലെന്നു് അറിഞ്ഞുകൊൾവിൻ. ദേവികളിൽ എപ്പേസിയാക്കാരുടെ ദേവി

www.malankaralibrary.com

യായ അർത്തിമിസ് വലിയവളാകുന്നു. യഹൂദന്മാർ അതിവേദനപ്പെടുത്തിയ ഗീവർഗീസിൻെറ ദൈവമെവിടെ? എന്തുകൊണ്ടു് അവൻ വന്നു് എൻെറ കൈകളിൽനിന്നു അവൻെറ സ്നേഹിതനെ രക്ഷിച്ചില്ല. അതിൻെറശേഷം അഗാധമുള്ള ഒരു കുഴിയിൽ ഭാഗ്യശാലിയെ ഇട്ടു് അതിൻെറ വാതുക്കൽ ഒരു കല്ലുവയ്പാൻ രാജാവു് കല്പിച്ചുംവച്ചു് ഭക്ഷണത്തിനു പോയി.

10—ാം മണിനേരത്തിൽ പർവ്വതങ്ങളിളകി വീഴുവാൻ തക്കവിധത്തിൽ ഒരു ഭൂകമ്പവും ഭൂമിയൊക്കെയിലും ഇരുട്ടും ഉണ്ടായി. അഗ്നിമേഘങ്ങളും അഗ്നിരഥങ്ങളും അതിൻമേൽ തങ്ങളുടെ കർത്താവായ യേശുമ്ശിഹായും കാണപ്പെട്ടു. പ. മാലാഖാമാരുടെ കൂട്ടങ്ങൾ നമ്മുടെ രക്ഷിതാവിൻെറ മഹത്വത്തിൽ ബഹുമാനത്തെ ആഘോഷിച്ചിരുന്നു. ഭാഗ്യക്കാരനെ ഇട്ടിരുന്ന കുഴിയുടെ വാതുക്കൽ അവർ നിന്നു നമ്മുടെ കർത്താവു് ഗബ്രിയേലിനോടു അരുളിച്ചെയ്തു. എൻെറ നാമത്തിൽ ദൂതനായ ഗബ്രിയേലേ! നിന്നോടു ഞാൻ പറയുന്നു: നീ കുഴിയിലേക്കിറങ്ങി എൻെറ ദാസനായ ഗീവർഗീസിനെ അവിടെനിന്നു കരേററുക. എന്തെന്നാൽ ഈ ഉപദ്രവത്തിൽനിന്നു് ഞാൻ രക്ഷപെടുകയില്ലെന്നും അവൻ പറഞ്ഞു. ഞാൻതന്നെ സത്യദൈവമെന്നു് അവൻ അറിഞ്ഞു വിശ്വസിക്കട്ടെ. എന്നാൽ കുഴിയിൽനിന്നു് അവനെ പിടിച്ചു് ആദ്യമനുഷ്യനെ മനഞ്ഞ കൈ വീണ്ടും നിന്നെ മനയുന്നു എന്നു അരുളിചെയ്തു് അവൻെറ മുഖത്തു ഊതി. അവൻ റൂഹാദ്ക്കുദിശായിൽ നിറഞ്ഞു. നമ്മുടെ രക്ഷിതാവു് അവനു് സമാധാനം കൊടുത്തു. നീ പോയി ദദ്യാന രാജാവിനേയും അവൻെറ സഖികളേയും ലജ്ജിപ്പിക്കുകയെന്നു അരുളിച്ചെയ്തു. ഇതിൻെറശേഷം നമ്മുടെ കർത്താവും സകല ദൂതന്മാരും സ്വർഗത്തിലേക്കു കരേറി. അപ്പോൾ ഭാഗ്യവാനായ ഗീവർഗീസ് പോയി രാജാവിനെ അന്വേഷിച്ചു് വിഗ്രഹാലയനത്തിൽ വച്ചു് കണ്ടു. അവൻ രാജാവിൻെറ മുമ്പാകെ നിന്നു് 'ദദ്യാന

www.malankaralibrary.com

രാജാവേ! നീ എന്നെ അറിയുന്നുവോ?' എന്നു ചോദിച്ചു. രാജാവു് അവനെ നോക്കി 'നീ ആരാകുന്നു' എന്നു ചോദിച്ചു. വണ്ടിയിൽ വച്ചു കണ്ടിട്ടുള്ള ഗീവർഗീസ് ഞാൻ തന്നെയാകുന്നു. എന്റെ കൈയ്യിൽനിന്നു നിന്നെ രക്ഷിപ്പാൻ മ്ശിഹായ്ക്കു കഴിയില്ലെന്നുപറഞ്ഞു അവനെ നിന്ദിച്ചതു് എന്തിനു്? കണ്ടാലും, മരിച്ചവരുടെ ഇടയിൽനിന്നു് അവൻ എന്നെ ജീവിപ്പിച്ചതായി നീ കാണുന്നുവല്ലോ ഭാഗ്യക്കാരൻ പറഞ്ഞു. ഗമനാത്തീസ് ഇവൻ അവന്റെ ഛായയിൽ ഉള്ളവനാകുന്നു എന്നു പറഞ്ഞു. എന്നാൽ പരിശുദ്ധൻ നീ പത്തായി കണ്ടിച്ചു് കുഴിയിൽ ഇട്ടിട്ടുള്ള ഗീവർഗീസ് സത്യമായിട്ടു് ഞാൻ തന്നെ എന്നു പറഞ്ഞു. പട്ടാളശ്രേഷ്ഠനായ അന്തോനിയോസ് ഗീവർഗീസ് മരിച്ചവരുടെ ഇടയിൽനിന്നു് ഉയർത്തെഴുന്നേററു എന്നു കണ്ടപ്പോൾ അവനും അവന്റെ സൈന്യം വകുപ്പു മുഴുവനും ദൈവത്തിൽ വിശ്വസിച്ചു. അനേകം ജനങ്ങൾ കർത്താവിൽ വിശ്വസിച്ചതു് ദദ്യാനാ രാജാവു് കണ്ടപ്പോൾ അവരെ പട്ടണത്തിനുപുറത്തു് വനപ്രദേശത്തു കൊണ്ടുപോയി കൊല്ലുന്നതിനു കൽപ്പിച്ചു. പത്തു കഷ്ണമായി അവരെ അവർ വിഭാഗിച്ചു. അവർ നല്ല വിശ്വാസത്തോടെ തങ്ങളുടെ സാക്ഷി തികച്ചു. എന്നാൽ പ: മാർ ഗീവർഗീസിനെപ്പററി അവനെ ഏതുപ്രകാരം നശിപ്പിക്കണമെന്നു് ആലോചിക്കുന്നതുവരെ കാരാഗൃഹത്തിൽ ഇടുവാൻ കൽപിച്ചു സാത്താന്റെ ആലോചനപ്രകാരം രാജാവു് അകത്തു ആണികൾ നീണ്ടു നിൽക്കുന്ന ഇരുമ്പു ചെരുപ്പുണ്ടാക്കി പരിശുദ്ധന്റെ കാലിൽ ഇട്ടു. ആണികൾ നീളമുള്ളവയായിരുന്നതിനാൽ കൊണ്ടുകേറി പാദം കുഴിഞ്ഞു. രക്തം ഒഴുകി ചെരുപ്പു് വഹിപ്പാൻ പാടില്ലാത്തതിനാൽ അവൻ സാവധാനത്തിൽ നടന്നു പട്ടണത്തിലേക്കു പ്രവേശിച്ചു. എന്നാൽ ദുഷ്ടൻ ആയതു കണ്ടപ്പോൾ ചിരിച്ചുകൊണ്ടു് എന്താ ഗീവർഗീസെ എന്തുകൊണ്ടു് നീ ഓടുന്നില്ല? ഇപ്പോൾ നിനക്കു കിട്ടിയ അനുഭവം അറിഞ്ഞുകൊൾക എന്നു പറഞ്ഞു. അപ്പോൾ ഭാഗ്യക്കാരൻ എന്റെ ആത്മാവേ! എന്തിനു

www.malankaralibrary.com

നീ തളരുന്ന എന്തിനു നീ ഖേദത്തോടെ ഇരിക്കുന്നു. നിന്റെ ഉടയവനായ മ്ശിഹാ തമ്പുരാൻ ഭരണത്തിൻമേൽ വിടർത്തപ്പെട്ട തിനെ നീ ഓർക്ക പിന്നത്തേതിൽ ഭാഗ്യക്കാരൻ പ്രാർത്ഥിച്ചു. എന്റെ ദൈവമേ! എന്നെ നീ ഉപേക്ഷിക്കരുതേ എന്നിൽനിന്നും നീ അകലുകയും അരുതേ എന്നു പറഞ്ഞു. ഉടനെ മാലാഖ അവനു കാണപ്പെട്ടു. അവന്റെ കാലുകളിൽ പനിനീർ തളിച്ചു പിന്നെ അവൻ വേദനപ്പെട്ടതുമില്ല.

ഭാഗ്യക്കാരൻ രാജാവിന്റെ മുമ്പിൽ വന്നുനിന്നു അവനോടു പറഞ്ഞു നിന്റെ ദേവൻമാരുടെ പേരുകളെ എന്നോടു പറക എന്തെന്നാൽ അപ്പല്ലോൻ ആകാശത്തെ വിരിച്ചെന്നും ഫോക്സീസ് ഭൂമിയെ അടിസ്ഥാനപ്പെടുത്തി എന്നും ആത്താന സൂര്യനെ ഉണ്ടാക്കി എന്നും നീ പറഞ്ഞുവല്ലോ. കാണപ്പെടുന്ന ഒന്നിനേയും അവർ ഉണ്ടാക്കിയില്ല, ആകയാൽ സൃഷ്ടികളെ ഉണ്ടാക്കിയതു നിന്റെ ദേവന്മാർ അല്ലെന്നും നിന്റെ ദേവൻമാർ ഊമസ്വരൂപങ്ങളെ എന്നും അറിഞ്ഞുകൊൾക. എന്നാൽ എനിക്കു ഈ ആട്ടിൻ കൂട്ടത്തിൽനിന്നു അനേകം ആളുകളെ തെരഞ്ഞെടുത്തു ഞങ്ങളുടെ കർത്താവും ദൈവവും ആയവന്റെ ഭവനത്തിലേക്കു പ്രവേശിപ്പിപ്പാൻ ഉണ്ട്. നിന്റെ ദേവൻമാരുടെ പേരുകളെ എന്നോടു പറഞ്ഞതിനാൽ ഞാൻ ചില നീതിമാൻമാരുടെ പേരുകളെ നിന്നോടു പറയാം. രാജാവേ! ഈ രണ്ടു കൂട്ടരിൽ യോഗ്യരെന്ന് നിനക്കു തോന്നുന്നത് ആരെന്നു നീ പറക ശ്ലീഹൻമാരുടെ തലവനായ ശെമഓനോ കള്ളൻമാരുടെ തലവനായ പീസ്ദിയോനോ തെരഞ്ഞെടുക്കപ്പെട്ട ദീർഘദർശിയായ ശിമവേനേലാ പേപിടിച്ചവനായ ആകീത്തോനോ നാല്പതു സംവൽസരം വനത്തിൽക്കൂടെ ഇസ്രായേൽ ജനത്തെ നടത്തി അവർക്കു മന്നാ കൊടുത്ത മോശയോ അത്യാഗ്രഹികളായ നിക്താവുഫെക്ളീശമൊ ഇവയിൽ നീ തെരഞ്ഞെടുക്കുന്നതു ഏവരെ ആകുന്നു? സഹോദരൻമാരുടെ വെടിപ്പിനേയും. മൗഢ്യാനൻമാരുടെ സ്നേഹത്തെയുമോ മുഷ്ടി

www.malankaralibrary.com

യുദ്ധക്കാരുടെ മുഷ്ടിയുദ്ധത്തേയും പുരോഹിതൻമാരുടെ ശത്രുതയുമോ? ഞങ്ങളുടെ രക്ഷിതാവായ യേശുവിനെ പ്രസവിച്ച വി. കന്യകമറിയാമ്മിനെയോ? നിങ്ങളുടെ ദൈവങ്ങരം പേടിച്ച പിശാചുക്കരം ആകുന്നു എന്നും അവനെ വന്ദിക്കുന്നവർക്കു അവരെക്കൊണ്ടുപകാരമില്ലെന്നും നീ കാണുന്നുവോ? അപ്പോരം അന്യായക്കാരനായ രാജാവു ദേഹം മുഴുവനും പെട്ടുന്നതുവരെ കരടവുകൊണ്ടു് അവരെ അടിപ്പാൻ കല്പിച്ചു അവൻ അടിക്കപ്പെട്ടതിൻെറശേഷം ഭഗ്നാത്തിസു രാജാവു് അവനോടു പറഞ്ഞു. ഞാൻ നിന്നോടു അടയാളം ചോദിക്കുന്നു, നിനക്കു കാണിക്കാമെങ്കിൽ ഞാൻ നിൻെറ ദൈവത്തിൽ വിശ്വസിക്കാം. ഫലമുള്ളവയും ഫലമില്ലാത്തവയുമായ പല മരങ്ങളുടെയും പലകകരം ചേർത്തു് പണിതിട്ടുള്ള പതിന്നാലു സിംഹാസനങ്ങരം ഇവിടെയുണ്ടു്. അവയിൽ ഫലമില്ലാത്തവ ഫലം കൂടാതെയും ഫലത്തോടുകൂടിയും മുളയ്ക്കട്ടെ ഞാൻ നിൻെറ ദൈവത്തിൽ വിശ്വസിക്കാം നിൻെറ നിമിത്തം ഞാൻ ചെയ്യുന്നില്ല. എന്നാൽ ഇവിടെ നിൽക്കുന്ന ജനത്തിൻെറ നിമിത്തം ഞാൻ ദൈവത്തോടു് പ്രാത്ഥിക്കാം എന്നു ഭാഗ്യക്കാരൻ ഗീവർഗീസു പറഞ്ഞുകൊണ്ടു് മുട്ടുകുത്തി പ്രാത്ഥിച്ചു. അവൻ പ്രാർത്ഥിക്കുമ്പോരം വായുവിളകി ഭൂമികുലുങ്ങിവലിയ ഭയവും ഉണ്ടായി. ഭയങ്കര ഇടിവാളുകരം ഭൂമിയിലും ഇരുപത്തിനാലു സിംഹാസനങ്ങളിലുംനിന്നു പലകകളെല്ലാം അഴിഞ്ഞു നിലത്തു നഷ്ടപ്പെട്ടു ഫലമുള്ളവ ഫലത്തോടും കൂടാത്തവ ഫലം കൂടാതെയും വൃക്ഷങ്ങളായി മുളച്ചു് ദദ്യാനാ രാജാവു കണ്ടപ്പോരം ഇപ്രകാരം പറഞ്ഞു: ഉണങ്ങിയ മരത്തിൽക്കൂടെ ശക്തിയെ കാണിക്കുന്ന അപ്പല്ലോനെ! നീ വലിയവനാകുന്നു. ഗീവറുഗീസേ! നീ എൻെറ കൈകളിൽനിന്നു രക്ഷപെടുകയില്ല. ഏതു വിധത്തിൽ അവനെ നശിപ്പിക്കേണ്ടു-എന്നാലോചിക്കുന്നതുവരെ അവനെ കാരാഗൃഹത്തിൽ ഇടുവാൻ കല്പിച്ചു. ത്രാക്കു് ലീനാരാജാവു് ദദ്യാനായോടു ഞാനും ഗീവറുഗീസിനോടു ആളയച്ചു അവനെകൊണ്ടുവന്നു് അവൻെറ മുമ്പാകെ നിറുത്തിയവനോടു പറഞ്ഞു. പാറയിൽ കൊത്തിയുണ്ടാക്കപ്പെട്ടിട്ടുള്ള ഒരു കബർ ഇവിടെയുണ്ടു്.

www.malankaralibrary.com

അതിൽ അടക്കിയിരിക്കുന്ന മരിച്ചവരുടെകാലം ഒരുത്തനും നിശ്ചയമല്ല നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടതാകുന്നു എങ്കിൽ അവർ ഉയത്തെഴുന്നേൽക്കുന്നതിനു പ്രാർത്ഥിക്ക നിന്റെ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കാം. ഗീവറുഗീസു ആ അസ്ഥികളെ ഇവിടേക്കു എടുത്തു കൊണ്ടുവരിക എന്നു പറഞ്ഞു രാജാവു പോയി കബറു തുറന്നു നോക്കിയപ്പോൾ വളരെ നാളുകൾ കഴിഞ്ഞതുകൊണ്ട് അസ്ഥികളെല്ലാം മണ്ണായി പോയതിനാൽ അവ അതിൽ ഇല്ലായിരുന്നു. ആ മണ്ണു കൂട്ടി ഇവിടെ കൊണ്ടുവരികയെന്നു ഗീവർഗീസ് പറഞ്ഞു. അവനപ്രകാരം ചെയ്തു ഭാഗ്യക്കാരൻ ആ മണ്ണെടുത്തു കർത്താവിന്റെ മുമ്പാകെവച്ചു സ്വർഗ്ഗത്തിലേക്കു സൂക്ഷിച്ചുനോക്കി ഇപ്രകാരം പറഞ്ഞു. നശിച്ചുപോകാത്തവനും അഴിഞ്ഞുപോകാത്തവനും ജയവും നിത്യപ്രകാശവും ധരിച്ചിരിക്കുന്നവനുമായ സർവശക്തനായ ദൈവവുമായ കർത്താവേ! സകലത്തിന്റെയും ഉടയവനെ! രാജാധിരാജനായ യേശുമിശിഹാ! സകലത്തിന്റെയും സൃഷ്ടാവുതന്നെ വിളിക്കുന്നു. പർവ്വതങ്ങളെ തുലാസിൽ തൂക്കുകയും കുന്നുകളുടെ ഭാരത്തെ അളക്കുകയും ആംഗിയത്തെ സൃഷ്ടികളെ സ്ഥിരപ്പെടുത്തുകയുംകൃപയാൽ ലോകത്തെ സൃഷ്ടിക്കുകയും ചെയ്ത ദൈവം നീ മാത്രമാകുന്നു എന്നു ദദ്യാനായും അവനോടു കൂടെയുള്ള 70 രാജാക്കന്മാരുമായ ദുഷ്പ്രവൃത്തിക്കാരെയും കാണിക്കേണ്ടുന്നതിനു നിന്നോടു ഞാൻ യാചിക്കുന്നു ഈ യാചനയെ എനിക്കു തരേണമെ. ഇപ്പോഴും ദൈവമായ കർത്താവേ! ഞങ്ങളുടെ കർത്താവായ യേശുമശിഹായാകുന്ന നിന്റെ വാത്സല്യപുത്രൻ മുഖാന്തിരം രക്ഷിച്ചിട്ടുള്ള നിന്റെ ഇടവകയുടെ ആട്ടുകളിന്മേലും നീ സൂക്ഷിച്ചുനോക്കേണമെ എന്റെ കർത്താവേ! അന്യായക്കാരുടെ കൈകളാൽ ചിതറപ്പെടേണ്ടതിന് അവരെ നീ കൈവിടരുതെ എന്തുകൊണ്ടെന്നാൽ എന്നുമെന്നേയ്ക്കും നിന്റെ സകല സൃഷ്ടിയിന്മേലും നീ താൽപ്പര്യമുള്ളവനാകുന്നു. ആമ്മീൻ ഭാഗ്യക്കാരൻ പ്രാർത്ഥിച്ചു കഴിഞ്ഞയുടൻ വായുവിൽ വലിയ ഇളക്കം ഉണ്ടായി. ഭയങ്കര ഇടിവാളുകളും ആ മണ്ണിരുന്ന സ്ഥലത്തെല്ലാം പ്രകാശിച്ചു. ആ മണ്ണിൽനിന്നു പുരുഷന്മാരും സ്ത്രീകളും പൈതങ്ങ

www.malankaralibrary.com

ളും ഉയർത്തെഴുന്നേററു. അവർ എണ്ണത്തിൽ ഇരുനൂറു് ആളുകളായി രുന്നു ഇതുപോലെ ഉണ്ടായിട്ടില്ലാത്തതായ ഈ വലിയ അത്ഭുതം രാജാവും അവനോടു കൂടിയുള്ളവരും കണ്ടപ്പോൾ വലിയ ഭയത്തോടും വിറയലോടും എഴുന്നേററു് രാജാവു് ഉയർത്തെഴുന്നേററു ചെറുപ്പക്കാരിൽ ഒരാളെ വിളിച്ചു് നിൻെറ പേരെന്താകുന്നുവെന്നു് അവനോടു ചോദിച്ചു യൂബിലിയാ എന്നാകുന്നു എൻെറ പേർ എന്നു് അവൻ പറഞ്ഞു. നിങ്ങൾ മരിച്ചിട്ടു എത്രകാലമായെന്നു രാജാവുചോദിച്ചു. കുറഞ്ഞപക്ഷം ഇരുനൂറുസംവത്സരമായിരിക്കുമെന്നു യൂബിലിയാ ഉത്തരം പറഞ്ഞു. നിങ്ങൾ മ്ശിഹായേയോ അപ്പസ്തോലനേയോ വന്ദിച്ചിരുന്നതു് എന്നു് രാജാവു ചോദിച്ചു. ഞങ്ങൾ മിശിഹായെ അറിയാതെ വിഗ്രഹങ്ങളെ വന്ദിച്ചിരുന്നു. ഞങ്ങൾ മരിച്ചപ്പോൾ മാലാഖമാർ ഞങ്ങളെ അഗ്നി നദിയിലേക്കു കൊണ്ടുപോയി. ഞങ്ങൾ ഇതുവരെയും അവിടെ ആയിരുന്നു. അപ്പോൾ രാജാവു് അവൻെറ സഖികളായ രാജാക്കന്മാരോടു് ഇവൻ ക്ഷുദ്രക്കാരനാകുന്നുവെന്നു ഞാൻ നിങ്ങളോടു പറഞ്ഞില്ലയോ? ഞാൻ മരിച്ചവരെ ഉയർത്തെഴുന്നേൽപ്പിച്ചു എന്നിവൻ പറഞ്ഞുകൊണ്ടു് നമ്മുടെ മുമ്പാകെ പിശാചുക്കളെ നിറുത്തിയിരിക്കുന്നു ഗലീലയക്കാരുടെ തലവേദന എങ്ങനെ നശിപ്പിക്കണമെന്നു് ഞാൻ അറിയുന്നുവെന്നു പറഞ്ഞു. അന്യായക്കാരൻെറ ശുശ്രൂഷക്കാരനോടു് നിങ്ങൾ പാവപ്പെട്ട ഒരു വിധവയെ എനിക്കായി അന്വേഷിച്ചു ഇവൻെറ അപമാനത്തിനും ഇവനെ അറികയും സ്നേഹിക്കയും ചെയ്യുന്ന എല്ലാവർക്കും പരിഹാസം ഉണ്ടാകേണ്ടതിനുമായി അവളുടെ അടുക്കൽ ഇവനെ ബന്ധിപ്പിൻ ഇവനെയെങ്ങനെ നശിപ്പിക്കണമെന്നു് ഞാൻ ആലോചിക്കുന്നതുവരെ അവിടെത്തന്നെ ഇവൻ ബന്ധിക്കപ്പെട്ടിരിക്കട്ടെ എന്നു കൽപ്പിച്ചു. ശ്രേഷ്ഠൻ ആ സ്ത്രീയുടെ ഭവനത്തിലേക്കു ചെന്നപ്പോൾ എനിക്കു വിശക്കുന്നതിനാൽ ഭക്ഷിക്കുന്നതിനുകുറെ അപ്പം തരണമെന്നു് അവളോടു പറഞ്ഞു എനിക്കു് അപ്പം ഇല്ലെന്നവൾ പറഞ്ഞു. പരിശുദ്ധ ഗീവർഗീസ് നീ ഏതു മാർഗ്ഗത്തിൽ ഉൾപ്പെട്ടവളാകുന്നു? എന്നവളോടു ചോദിച്ചു ഞാൻ അപ്പസ്തോ

www.malankaralibrary.com

നെ വന്ദിക്കുന്നവളാകുന്നു എന്നവരം പറഞ്ഞു. ഇതുകൊണ്ടാകുന്നു നിന്റെ ഭവനത്തിൽ നിനക്കപ്പമില്ലാതിരിക്കുന്നതു് എന്നു് ഭാഗ്യവാൻ പറഞ്ഞു. അയൽക്കാരിൽ ഒരുത്തനോടു് കുറെ അപ്പം വാങ്ങി ഈ മനുഷ്യൻ കൊടുക്കണമെന്നു് അവരം വിചാരിച്ചു. അവരം അപ്പം വാങ്ങാൻ പോയി. അപ്പോരം ശ്രേഷ്ഠൻ പ്രാർത്ഥിപ്പാനായി നിന്നു. ഭവനത്തിന്റെ നടുവിലുണ്ടായിരുന്ന തൂണിന്മേൽ ചാരി ഉടനെതന്നെ ആ തൂണുമുളച്ചു് ഇലയുംകൊമ്പുകളും പടർത്തി മാളികയ്ക്കുമേൽ പന്തിനഞ്ചുമുഴത്തോളം വളർന്ന ഒരു മാലാഖാ കാണപ്പെട്ടു. സ്വർഗ്ഗത്തിൽനിന്നു് അവനു് ഭക്ഷണം കൊടുത്തു. അവൻ ഭക്ഷിച്ചു് ആനന്ദിച്ചു സന്തോഷിക്കുകയും ചെയ്തു. ആ സ്ത്രീ ഭവനത്തിലേക്കു വന്നപ്പോരം വേരിറങ്ങി മുളച്ചിരിക്കുന്ന വൃക്ഷത്തേയും മേശ നിറയെ ഇരിക്കുന്ന അപ്പത്തേയുംകണ്ടു് ഭയത്തോടെ പരിശുദ്ധന്റെ കാൽക്കൽവീണു് ക്രിസ്ത്യാനികളുടെ ദൈവം ശരിയായ എന്റെ അടുക്കൽ വന്നിരിക്കുന്നു എന്നട്ടഹസിച്ചു പറഞ്ഞു. പരിശുദ്ധൻ അവളെ പിടിച്ചെഴുന്നേൽപ്പിച്ചു. സ്ത്രീയേ നീ എഴുന്നേൽക്കുക നീ വിചാരിക്കുന്ന പ്രകാരം ഞാൻ ക്രിസ്ത്യാനികളുടെ ദൈവമല്ല, എന്നാലോ യേശുമിശിഹായുടെ ദാസനത്രേ എന്നു് അവളോടു് പറഞ്ഞു.

ആ സ്ത്രീ അവനോടു് എന്റെ യജമാനനെ ഞാനനുഗ്രഹം കണ്ടെത്തിയെങ്കിൽ നിന്റെ ദാസി നിന്റെ മുമ്പാകെ സംസാരിക്കട്ടെ എനിക്കു് ചെകിടനും ഊമനും തളർന്നവനുമായ ഒരു പുത്രനുണ്ടു്. എന്റെ യജമാനനെ! നിന്റെ പ്രാത്ഥനയാൽ എന്റെ പുത്രൻ സുഖപ്പെടാമെങ്കിൽ നിന്റെ ദൈവത്തിൽ ഞാനും വിശ്വസിക്കാമെന്നു പറഞ്ഞു ഭാഗ്യക്കാരനവളോടു് അവനെ ഇവിടെ എന്റെ അടുക്കൽ കൊണ്ടുവരാമെന്നു പറഞ്ഞു. അവരം അവനെ അവന്റെ അടുക്കൽ കൊണ്ടുവന്നപ്പോരം പൈതലെ നമ്മുടെ കർത്താവായ യേശുമിശിഹാ നിന്നെ സൗഖ്യമാക്കട്ടെ എന്നു പറഞ്ഞു അവൻ അവന്റെ മുഖത്തു ഊതി. അവന്റെ കണ്ണിൽനിന്നു ചെതുമ്പലുകരം വീണയുടനെ അ

www.malankaralibrary.com

വൻ കാഴ്ച പ്രാപിക്കുകയും ചെയ്തു. പൈതലിന്റെ മാതാവു ഭാഗ്യക്കാരനോടു എന്റെ യജമാനനെ! അവന്റെ ചെവി കേൾക്കയും കാലുകൊണ്ടു നടക്കുകയും ചെയ്യട്ടെ എന്നു പറഞ്ഞു. ഭാഗ്യവാൻ ഇപ്പോൾ നിനക്കിതുമതി എനിക്കാവശ്യമുള്ള വേലയ്ക്കു് അവനെ ഞാൻ വിളിക്കുന്നതുവരെ കാത്തുകൊള്ളുക. അപ്പോൾ അവന്റെ ചെവി കേൾക്കയും കാലുകൊണ്ടു നടക്കുകയും ചെയ്യും. അവൻ എന്റെ അടുക്കൽ വന്നു എനിക്കു വചനത്തിന്റെ ശുശ്രൂഷക്കാരനാകയും ചെയ്യും എന്നു പറഞ്ഞു. ആ സ്ത്രീ മൗനമായിരുന്നു. വീണ്ടും അവനോടു സംസാരിപ്പാൻ അവൾ തുനിഞ്ഞതുമില്ല. എന്തുകൊണ്ടെന്നാൽ ഭാഗ്യക്കാരന്റെ മുഖം ദൈവദൂതന്മാരുടെ മുഖംപോലെ ശോഭിച്ചിരുന്നു. പിറേറദിവസം ദദ്യാനാ രാജാവും അവനോടു കൂടെയുള്ള രാജാക്കന്മാരും എഴുന്നേററു പ. ഗീവർഗീസ് താമസിക്കുന്ന സ്ഥലത്തു മാളികയ്ക്കു മേളിലായി പതിനഞ്ചു മുഴത്തോളം പൊങ്ങി നിൽക്കുന്ന ഒരു വൃക്ഷം കണ്ടു, കണ്ടവരെല്ലാവരും വിസ്മയിച്ചു. ഗലീലിയാക്കാരനായ ഒരു ആൾ അവിടെ താമസിക്കുന്നുണ്ടെന്നു പറഞ്ഞു. അവർ ആളയച്ചു രാജകൊട്ടാരത്തിലേയ്ക്കു അവനെ കൊണ്ടുവന്നു. അവൻ വന്നപ്പോൾ പാട്ടുപാടി കർത്താവേ! എന്നിൽ നിന്നു നീ അകലരുതേ എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെ ദൈവമേ, എന്റെ സഹായത്തിനായി താമസിക്കണമെ എന്നു പ്രാർത്ഥിച്ചു. അവൻ രാജസിംഹാസനത്തിങ്കൽ പ്രവേശിച്ചപ്പോൾ മഗനാത്തീസു പറഞ്ഞു, എന്റെ യജമാനനായ രാജാവേ ക്രിസ്ത്യാനികളുടെ വർഗ്ഗം കഠിനതരമാകുന്നു. അതിനാൽ നമ്മുടെ ഇഷ്ടത്തിനു അവൻ ചേർന്നു. വേണ്ടിയിരിക്കുന്നതുപോലെ ചെയ്യേണ്ടതിനു ഉപായത്താലും നല്ല വാക്കുകളാലും അവനെ നാം സ്വാധീനപ്പെടുത്തണം. അപ്പോൾ രാജാവു ഗീവർഗിസിനോടു ഇപ്രകാരം അപേക്ഷിച്ചു പറഞ്ഞു. ഗീവർഗീസേ നമ്മുടെ ദൈവം സകല ദേവന്മാരുടെ ജയവും ആയ സൂര്യനു നീ ബലികഴിച്ചാൽ ഞാൻ നിനക്കു വളരെ ദ്രവ്യം തരികയും നിന്നെ എന്റെ രാജ്യത്തിൽ രണ്ടാമനാക്കുകയും

www.malankaralibrary.com

എൻെറ മരണശേഷം എനിക്കു പകരം നിന്നെ രാജാവാക്കുകയും ചെയ്യാം. പ. ഗീവർഗീസ് അവനോടു നീ ഇപ്പോൾ നന്നായി പറഞ്ഞു. എന്തുകൊണ്ടു് ആദ്യമേ പറയാതിരുന്ന ഈ ഏഴു സംവത്സരം നീ എന്നെ അതിവേദനപ്പെടുത്തി. ഈ ദീർഘകാലത്തെ അപമാനത്തിനായിട്ടു് ഞാൻ എന്തു ചെയ്യേണ്ടു എന്നു പറഞ്ഞു. രാജാവു ഭാഗ്യക്കാരനോടു ഞാൻ നിൻെറ പിതാവാകകൊണ്ടും നീ എൻെറ ശേഷം രാജാവാകാനിരിക്കുന്നതുകൊണ്ടും ഈ കുററം എന്നോടുക്ഷമിക്കണം എന്നു പറഞ്ഞു. ഭാഗ്യക്കാരൻ ഞാൻ ബലികഴിക്കേണ്ടുന്നതിനു നിങ്ങൾ എവിടെയാകുന്നു എന്നു ചോദിച്ചു. രാജാവു കേട്ടപ്പോൾ എത്രയും സന്തോഷിച്ചു ഗലീലയക്കാരുടെ രഹസ്യത്തിൽ പുത്രൻ ഇന്നു ദേവന്മാർക്കു ബലികഴിക്കുന്നതു വന്നു കാണ്മീൻ എന്നു പൊക്കമുള്ള സ്ഥലത്തു കയറിനിന്നു വിളിച്ചുപറയുവാൻ വിളിച്ചുപറയുന്നവനോടു കൽപിച്ചു വിളിച്ചു പറയുന്നവൻെറ ശബ്ദം ആ വിധവയായ സ്ത്രീ കേട്ടുയുടനെ അവളുടെ പുത്രനെ എടുത്തുകൊണ്ടു കുരുടർക്കു കാഴ്ചകൊടുക്കുകയും, മുടന്തരെ നടക്കമാറാക്കുകയും കുഷ്ഠരോഗികളെ വെടിപ്പാക്കുകയും, പിശാചുക്കളെ പുറപ്പെടുവിക്കയും രോഗികളെ സൗഖ്യമാക്കുകയും ചെയ്ത ഗീവർഗീസേ! നീ ഇപ്പോൾ വ്യർത്ഥനായ അപ്പല്ലോന് ബലി കഴിക്കുന്നുവോ! എന്നു് അട്ടഹസിച്ചു പറഞ്ഞുകൊണ്ടു് ശ്രേഷ്ഠൻെറ അടുക്കലേക്കു വന്നു. പ. ഗീവർഗീസ് അവളെ നോക്കിയപ്പോൾ അവൾ എത്രയും ഇളകി. നിൻെറ പുത്രനെ നിൻെറ കയ്യിൽനിന്നു താഴെവയ്ക്കുക എന്നു് അവളോടു് അവൻ പറഞ്ഞു. അവൾ അവളുടെ പുത്രനെ കയ്യിൽ നിന്നു താഴെവച്ചപ്പോൾ ഭാഗ്യക്കാരൻ അവനോടു് പൈതലേ നീ എനിക്കു് വചനത്തിൻെറ ശുശ്രൂഷക്കാരൻ ആകേണ്ടുന്നതിന് നീ എഴുന്നേററു് എൻെറ അടുക്കൽ വരികാ എന്നു പറഞ്ഞു. ഉടനെ അവൻ എഴുന്നേററു് അവൻെറ അടുക്കലേക്കോടി അവനെ വണങ്ങി. പരിശുദ്ധൻ സകലജനത്തിൻെറയും മുമ്പാകെവച്ചു് അവനോടു് പൈതലേ നീ ഈ പൂജപ്പുരയിലേക്കു പ്രവേശിപ്പിച്ചു് കർത്താവേശുമിശിഹായുടെ ദാസൻ വെളിക്കുനിന്നു നിനക്കായി നോക്കിപ്പാർക്കയാൽ

www.malankaralibrary.com

നീ എഴുന്നേററു നടന്നുവരിക എന്നു് അപ്പല്ലോൻെറ വിഗ്രഹത്തോടു പറകയെന്നു നിന്നോടു ഞാൻ പറയുന്നു എന്നു പറഞ്ഞു. പൈതൽ പൂജപ്പുരയിലേക്കു പ്രവേശിച്ചു് ആ വിഗ്രഹത്തിനോടു് ഊമവിഗ്രഹവും നിരൎത്ഥഉപകരണവുമേ! നീ വേഗം ഇവിടെനിന്നു പുറപ്പെട്ടു വരിക. എന്തെന്നാൽ അത്യുത്തമനായ ദൈവത്തിൻെറ ദാസൻ വെളിക്കു് നിന്നെ നോക്കിനിൽക്കുന്നു. ഇന്നു നിന്നോടു് ഞാൻ പറയുന്നുവെന്നു പറഞ്ഞു. അപ്പോൾ ആ വിഗ്രഹത്തിൽ വസിച്ചിരുന്ന പിശാചു് ഇപ്രകാരം വിളിച്ചുപറഞ്ഞു. യേശു! നിൻെറ നിമിത്തം എനിക്കു ഹാ കഷ്ടം, എന്തെന്നാൽ നീ എല്ലാവരേയും നിൻെറ അടുക്കലേക്കാകൎഷിച്ചു് ഇപ്പോൾ നിൻെറ ദാസനായ ഗീവൎഗ്ഗീസിനെ എനിക്കു വിരോധമായി നീ അയച്ചിരിക്കുന്നു. ഭാഗ്യക്കാരൻ ആ പിശാചിനോടു് പുറജാതികളുടെ ദൈവം നീ ആകുന്നുവോ? എന്നു ചോദിച്ചു. ആ വിഗ്രഹത്തിലാവസിച്ചിരുന്ന പിശാചു് ഞാൻ പുറജാതികളുടെ ദൈവമല്ല. എന്നാലോ ശത്രുസൈന്യത്തലവന്മാരിൽ ഒരുത്തനാകുന്നു എന്നു പറഞ്ഞു. ജീവനുള്ള ദൈവത്തിൻെറ ആരാധനയിൽ നിന്നു നീ മനുഷ്യരെ തെററിദ്ധരിക്കുന്നതെന്തിനു് എന്നു് പരിശുദ്ധൻ ചോദിച്ചു. അഗ്നിനരകം എനിക്കു ഒരുക്കിയിരിക്കുന്നു: കഴിവുണ്ടായിരുന്നു എങ്കിൽ നിന്നോടു ഞാൻ കരുണചെയ്യാതെ നിന്നെയും വഞ്ചിച്ചു നശിപ്പിക്കുമായിരുന്നു എന്നു് ആ പിശാചു് അവനോടു പറഞ്ഞു, ഗീവൎഗീസ് അവനോടു് നീ വന്നു് നിൻെറ സ്ഥലം കാണുക എന്നു പറഞ്ഞു. ഉടൻ ഭൂമി പിളന്നു് ഒരു വലിയ പിളർപ്പും ഉണ്ടായി. ഗീവൎഗ്ഗീസ് അവനോടു് അശുദ്ധ പിശാചേ! നിൻെറ ന്യായവിധിയുടെ ദിവസത്തോളം ഇറങ്ങിയവിടെ വസിക്കയെന്നു പറഞ്ഞു. (അതു ഇറങ്ങിയ ഉടനെ) പിളർപ്പു് ഒന്നായി. പിന്നെ ആ സ്ഥലം ഇന്നടത്തെന്നു് നിശ്ചയമില്ലായിരുന്നു. ഉടനെ അവൻ പൂജപ്പുരയിലേക്കു് ഓടിക്കയറി സൂസിൻെറയും ഹോക്ലീസിൻെറയും വിഗ്രഹങ്ങളെ മറിച്ചിട്ടു. ചത്തവിഗ്രഹങ്ങളെ ഓടിപ്പോകുവാൻ, എന്തെന്നാൽ ഞാൻ കൎത്താവേശുമിശിഹായുടെ ദാസനാകുന്നുവെന്നു് അട്ടഹസിച്ചു പറഞ്ഞു. പുരോഹിത

www.malankaralibrary.com

ന്മാർ ഇതു കണ്ടപ്പോൾ അവനെ പിടിച്ചുകെട്ടി രാജാവിൻെറ അടുക്കലേക്കു കൊണ്ടുപോയി. അവൻ ദേവന്മാരോടു ചെയ്ത സകലവും അവനോടു പറഞ്ഞു. ദദ്യാനരാജാവു് അവനോടു് നീ ദേവന്മാർക്കു് ബലികഴിക്കാമെന്നു് എന്നോടു വാഗ്ദത്തം ചെയ്തില്ലയോ എന്നു ചോദിച്ചു. ഭാഗ്യക്കാരൻ അവനോടു് വഞ്ചകന്മാരായ ദേവന്മാർ ദേവന്മാരല്ലാ. അവരെ എനിക്കു ഇവിടെ കൊണ്ടുവരിക. ക്രിസ്ത്യാനികളുടെ പ്രശംസയാകുന്ന മിശിഹായെക്കൊണ്ടു് ഞാൻ ആണയിടുന്നു. സന്ധ്യയ്ക്കുമുൻപേ ഞാൻ അവരെ നശിപ്പിക്കും എന്നു പറഞ്ഞു് രാജാവു് അവനോടു് നീ അപ്പല്ലോനു ബലികഴിക്കാമെന്നു വാഗ്ദത്ത ചെയ്തില്ലയോ എന്നു വീണ്ടും പറഞ്ഞു. പരിശുദ്ധൻ അവനോടു് അവനെ ഇനിയും ഇവിടെ കൊണ്ടുവരിക നിൻെറ മുമ്പാകെവച്ചു ഞാൻ ബലികഴിക്കാമെന്നു പറഞ്ഞു. രാജാവു് അവനോടു അവയെ ജീവനോടെ നീ ഭൂമിക്കുകീഴെ താഴ്ത്തിയതു് ഞാനും പുരോഹിതന്മാരിൽനിന്നു കേട്ടു. ഇപ്പോഴും നീ എന്തിനു് എന്നെ വഞ്ചിക്കുന്നു എന്നു പറഞ്ഞു. അവൻ രാജാവിനെ വളരെ നിന്ദിച്ചു എന്നു രാജാവു കണ്ടിട്ടു് ഏതുപ്രകാരം ഇവനെ നശിപ്പിക്കണമെന്നു് ഞാൻ ആലോചിക്കുന്നതുവരെ അവനെ തടവിൽ പാർപ്പിപ്പിൻ എന്നു കല്പിച്ചു.

രാജാവു കൊട്ടാരത്തിലേക്കു പ്രവേശിച്ചപ്പോൾ ശ്രേഷ്ഠൻ ചെയ്ത സകല കാര്യവും രാജ്ഞിയോടു് പറഞ്ഞു. രാജ്ഞി അവനോടു് രാജാവേ! ജീവനുള്ള ദൈവത്തിൻെറ ദാസനിൽനിന്നകന്നു് അവൻ ആഗ്രഹിക്കുന്ന സ്ഥലത്തേയ്ക്കു പോകുവാൻ അവനെ വിടുകാ എന്നു പറഞ്ഞു. രാജാവു അവളോടു് അലക്സന്ത്ര്യാരാജ്ഞിയോ! നീ വഞ്ചിക്കപ്പെടരുതു്. എന്തെന്നാൽ എൻെറ ദൈവത്തെ അവർ വന്ദിക്കുവോളം എൻെറ കയ്യിൽനിന്നും അവർ രക്ഷപ്പെടുകയില്ലാ എന്നു പറഞ്ഞു. അപ്പോൾ അലക്സന്ത്ര്യാരാജ്ഞി അവനോടു് നിന്ദ്യനും രക്തം ചിന്നുന്നവനും സകല മനുഷ്യരേക്കാൾ അന്യായക്കാരനുമേ! നീ രക്തവും മാംസവും ഭക്ഷിപ്പാൻ ആഗ്രഹിക്കുന്ന

www.malankaralibrary.com

ങ്ങളിൽ നിൻെറ പിതാവായ സാത്താനോടുകൂടെ നിൻെറ ഓഹരി നീ അനുഭവിക്കും എന്നു പറഞ്ഞു. അപ്പോൾ രാജാവു് എത്രയുംകോപിച്ചു് അവളെ അവളുടെ തലമുടിയേൽ കെട്ടിതൂക്കി ഇരുമ്പുചീപ്പുകളാൽ ചീകുവാൻ കല്പിച്ചു. അവൾ ചീകപ്പെട്ടപ്പോൾ സ്വർഗ്ഗത്തിലേക്കു നോക്കി കരഞ്ഞുകൊണ്ടു് ക്രിസ്ത്യാനികളുടെ ശരണമെ! നിന്നോടു ഞാൻ പാപം ചെയ്തതിനാൽ എൻെറമേൽ അനുഗ്രഹം ചെയ്യണമേ എന്നു പറഞ്ഞു. അപ്പോൾ ഗീവർഗീസ് വരുവാൻ രാജാവു കല്പിച്ചു. അവൻ വന്നപ്പോൾ രാജ്ഞി അവനെകണ്ടു് ഉന്നതമായ ശബ്ദത്താൽ അട്ടഹസിച്ചു് മിശിഹായുടെ ഭടനെ ഞാനും മിശിഹായുടെ പ്രകാശത്തിലേക്കു പ്രവേശിക്കേണ്ടുന്നതിനും മാമ്മോദീസായുടെ ദുശ്മോ എനിക്കു തരിക എന്നു പറഞ്ഞു. ഗീവർഗീസ് അവളോടു അലക്സന്ത്ര്യാ! നീ ഭയപ്പെടേണ്ട മാമ്മോദീസായെപ്പററി വേദിക്കുകയും വേണ്ട എന്തെന്നാൽ നിൻെറ രക്തത്തിൽ നീ മാമ്മോദീസാ മുഴുകി വെൺമയാക്കപ്പെടും എന്നു പറഞ്ഞു. അപ്പോൾ ശപിക്കപ്പെട്ടവൻ ഭാഗ്യശാലിനിയെ ഇറക്കി കാളയുടെ വാലുകൊണ്ടു് അവളുടെ ദേഹം മുഴുവനിൽനിന്നും രക്തംപുറപ്പെട്ടുന്നതുവരെ അടിപ്പാൻ കല്പിച്ചു. പിറേറദിവസം രാജാവു് തൻെറ സിംഹാസനത്തിലിരുന്നു് ഇപ്രകാരം പറഞ്ഞു. എന്നെ ചുററിയിരിക്കുന്ന സകല രാജാക്കന്മാരും അനേകന്മാരുമേ! കേംപ്പിൻ അലക്സന്ത്ര്യാ രാജ്ഞി ദേവന്മാരെ ഉപേക്ഷിച്ചു ഊർശ്ലേമിൽവച്ചു് യഹൂദന്മാരിൽനിന്നും ക്രൂരമരണം അനുഭവിച്ചവനിൽ വിശ്വസിച്ചിരിക്കുന്നു. ഞാൻ അവളുടെ രക്തത്തിൽനിന്നു് കുററം ഇല്ലാത്തവനാകുന്നു. ഉടനെതന്നെ അവളുടെ വിധിയും കല്പിച്ചു. ഭാഗ്യക്കാരിയെ മിശിഹായുടെ നിമിത്തം കൊല്ലേണ്ടുന്നതിന് അവളുടെ കൊട്ടാരത്തിൽനിന്നും പുറപ്പെടുവിച്ചു് അവൾ വഴിയുടെ മദ്ധ്യേനിന്നു് അട്ടഹസിച്ചു. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിൻെറ തിരുനാമം നിമിത്തം ഇതാ ഞാൻ എൻെറ കൊട്ടാരത്തിൽനിന്നു പുറപ്പെട്ടുപോകുന്നു. എൻെറ വാതിലുകളെ ഞാൻ അടച്ചില്ല കർത്താവേ? നീയും നിൻെറ ദാസിയുടെ മുമ്പാകെ വാതിലിനെ അടയ്ക്കരുതെ എന്നു്

www.malankaralibrary.com

പറഞ്ഞു. ഉടനെ അവരം അവളുടെ കഴുത്തു കുനിച്ചുകൊടുത്തു മേട മാസം 8—ാം തീയതി അവരം വാളിൽ കൊല്ലപ്പെട്ടു. അവളുടെ ഓർമ്മ വാഴ്വിനായിത്തീരട്ടെ. ആമ്മീൻ.

ഇതിൻെറ ശേഷം രാജാവു് ഗീവറുഗീസിനെ വിളിച്ചു് അവരോടു ഇപ്രകാരം പറഞ്ഞു. നിൻെറ ഈ ജീവിതത്തെ നശിപ്പിക്കേണ്ടുന്നതിനു നീ രാജ്ഞിയേയും വഞ്ചിച്ചു ഇനിയും നിൻെറ ക്ഷുദ്രം ഞാൻ സമ്മതിക്കയില്ലാ എന്നാലെ നിൻെറ വിളി ഇപ്പോരംതന്നെ ഞാൻ കല്പിക്കുന്നു ഉടനെ രാജാവു സകല ജനത്തിൻെറയും മുമ്പാകെ തൻെറ ശബ്ദം ഉയർത്തി പറഞ്ഞു. വളരെ ഉപദ്രവങ്ങരം സഹിച്ചിട്ടും അപ്പല്ലോനെ ബലികഴിപ്പാൻ മനസ്സില്ലാത്ത ഗീവറുഗീസിനു മരണത്തീർപ്പു ഞാൻ കല്പിക്കുന്നു. ഭൂമിയിലെ സകല രാജാക്കന്മാരുമേ! ഏഴു സംവത്സരങ്ങളോളം ദേവന്മാർക്കു ബലികഴിപ്പാൻ മനസ്സില്ലാതെ ഇവൻ എതിർത്തു നിന്നതിനാൽ മരണത്തെ തനിക്കായിട്ടു അവൻ തന്നെ തെരഞ്ഞെടുത്തു എന്നു നിങ്ങരം എല്ലാവരും അറിഞ്ഞുകൊരംവിൻ. അതിനാൻ വാരംകൊണ്ടു അവൻെറ തലഛേദിക്കപ്പെടണം. ദേവൻമാർക്കു വിരോധമായി ഒരുത്തനും മൽസരിക്കേണ്ടുന്നതിനെല്ലാവക്കും ഭയമുണ്ടാകട്ടെ, റോമാക്കാർ ഭാഗ്യവാനെ പിടിച്ചുകൊണ്ടിരിക്കുമ്പോരം പട്ടണത്തിനു് പുറത്തു ഭാഗ്യക്കരിയായ അലക്സന്ത്ര്യാ കൊല്ലപ്പെട്ട സ്ഥലത്തുവെച്ചു അവനെയും കൊല്ലുവാൻ കല്പിച്ചു. അപ്പോരം പരിശുദ്ധൻ അവനെ കൂട്ടിക്കൊണ്ടുപോകുന്നവരോടു അവൻെറ നിമിത്തം ഞാൻ ബലികഴിക്കപ്പെടുന്ന ദൈവത്തോടു എനിക്കുവേണ്ടിയും എന്നെപ്പോലെയുള്ള പാപികരംക്കുവേണ്ടിയും പ്രാത്ഥിക്കാൻ അൽപ്പം സമയം അനുവദിക്കണമെന്നു പറഞ്ഞു. റോമാക്കാർ അവനോടു നിൻെറ ഇഷ്ടംപോലെ പ്രാത്ഥിച്ചുകൊരംക എന്നു പറഞ്ഞു. അപ്പോരം പരിശുദ്ധൻ സ്വർഗത്തിലേക്കുനോക്കി പ്രാത്ഥിച്ചു ഇപ്രകാരം പറഞ്ഞു.

ദൈവമായ കത്താവേ! എൻെറ പ്രാർത്ഥനയെ ചെവിക്കൊള്ളണമെ. എന്തെന്നാൽ പലരും എൻെറ ശവം എടുക്കവാനായിട്ടു്

www.malankaralibrary.com

ഒരുങ്ങിനിൽക്കുന്നു. എൻെറ ശരീരവും അസ്ഥികളും ലോകമൊക്കയ്ക്കും മതിയാകുകയില്ല. ദൈവമായ കർത്താവെ ഈ യാചന എനിക്കു നീ ചെയ്തു തരണമെ. ഞെരുക്കത്തിലോ ഭയങ്കര സ്വപ്നത്തിലോ ഭയത്തിലോ ആയിട്ട് എൻെറ നാമം ഓക്കുന്ന എല്ലാവക്കും നന്മയുണ്ടാകയും ദൃഷ്ടക്കാഴ്ച അവനിൽ നിന്നു നീങ്ങിപ്പോകയും ചെയ്യണമെ. ദൈവമായ കർത്താവേ! ഭയങ്കര ന്യായവിധിയിലായി എൻെറ നാമത്തെയും അസ്ഥികളെയും ഓക്കുന്നവൻ ഭയവും ഞെരുക്കവും കൂടാതെ അതിൽനിന്നു പുറപ്പെട്ടുപോകണമെ. ദൈവമായ കർത്താവെ! വായുവിൽ മേഘങ്ങൾ കട്ടിയായി കൂടുമ്പോൾ ഒരുത്തൻ എൻെറ നാമം ഓർത്താൽ തോട്ടങ്ങളിലും വയലുകളിലും കൽമഴയുണ്ടാകരുതേ. ദൈവമായ കർത്താവേ! ഗീവർഗ്ഗീസിനു അവൻെറ പോരാട്ട ദിവസത്തിൽ ഓർമ്മയും കർബാനയും കഴിക്കുന്നവൻെറ ഭവനത്തിൽ യാതൊരു ഉപദ്രവവും ഉണ്ടാകാതെ അവനു കുരുടനും കൊഞ്ഞയുള്ളവനും തളർന്നവനും ചെകിടനും ജനിക്കരുതെ, സാത്താനാൽ അവൻ ഉപദ്രവിക്കപ്പെടരുതെ, നീ അനുഗ്രഹമുള്ള ദൈവമാകകൊണ്ട് അവൻെറ പാപങ്ങളെ അവനോടു നീ ഓർക്കയുമരുതേ, മനുഷ്യൻ മാംസവും രക്തവും ആകുന്നു എന്നു നീ ഓർക്കണമെ കർത്താവേ! നിൻെറ തിരുമാനം നിമിത്തം കരുണചെയ്യണമെ.

കർത്താവു സ്വർഗ്ഗത്തിന്നു അവനോടുസംസാരിച്ചു ഇപ്രകാരം അരുളിചെയ്തു. ഗീവറുഗീസെ ഇനിയും നീ ഇവിടേക്കു വരികാ. നല്ല വേലക്കാരനും ധൈര്യമുള്ള ഭടനുമേ! ജീവൻെറ പറുദീസായിലേക്കു പ്രവേശിച്ചു ആനന്ദപ്രദമായസ്ഥലത്തു ആശ്വസിക്കുക. എന്നാൽ നിൻെറ യാചനയെപ്പററിയോ വളരെ ഞെരുക്കങ്ങളിൻ അകപ്പെട്ടു നിൻെറ മദ്ധ്യസ്ഥതയാൽ എൻെറ നാമം ഓർക്കുന്നവൻ സകല ഞെരുക്കങ്ങളിൽ നിന്നും രക്ഷിക്കപ്പെടുമെന്നും അവൻെറ പാപങ്ങൾ ക്ഷമിക്കപ്പെടുമെന്നും എന്നെക്കൊണ്ടു തന്നെ നിന്നോടു ഞാൻ ആണയിടുന്നു എന്തെന്നാൽ ഞാൻ അനുതാപികളുടെ ദൈവം ആകുന്നു.

www.malankaralibrary.com

അവനോടു സംസാരിച്ച ശബ്ദം അടങ്ങിയപ്പോൾ ഭാഗ്യക്കാരൻ സ്വർഗ്ഗത്തിലേക്കു നോക്കി കുരിശുവരച്ച് സത്യവിശ്വാസത്തോടെ, വാളാൽ ഉടൻതന്നെ കിരീടം ധരിക്കപ്പെടുകയും ചെയ്തു. പരിശുദ്ധ ഗീവർഗ്ഗീസ് മുഖാന്തിരം ഉണ്ടായ അതിശയ സംഭവങ്ങൾ നിമിത്തം അനേകരും ജീവനുള്ള ദൈവത്തിൽ വിശ്വസിച്ചു.

മിശിഹായുടെ ദാസൻ ഭാഗ്യക്കാരനായ ഗീവർഗ്ഗീസ് മേടം 23—ാം തീയതി വെള്ളിയാഴ്ച ഇരുപത്തിരണ്ടരയ്ക്കു കൊല്ലപ്പെട്ടു.

പരിശുദ്ധ ഗീവർഗീസിന്റെ ദാസനും എന്റെ യജമാനനും ശുശ്രൂഷിച്ചവനുമായ പുന്നിക്രിസ്തോസ് ആകുന്ന ഞാൻ രാജാക്കൻമാരുടെ ചോദ്യങ്ങളെ ദദ്യാനാ രാജാവിന്റെ കാലത്തു തന്നെ എഴുതി.

നമ്മുടെ വിശ്വാസ സ്ഥിരതയ്ക്കുവേണ്ടിയും നമ്മുടെ കർത്താവായ യേശുമിശിഹായുടെ രാജ്യവർദ്ധനവിനുവേണ്ടിയും ഇവ ഒക്കെയും ഉണ്ടായി തനിക്കു സ്വർഗത്തിലും ഭൂമിയിലും സകല സൃഷ്ടികളിൽനിന്നും സ്തുതിയും ബഹുമാനവും വന്ദനവും ഇപ്പോഴും എല്ലാ നേരത്തിലും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com